## 862

1 കണ്ണുനീർ താഴ് വരയിൽ ഞാനേറ്റം വലഞ്ഞീടുമ്പോൾ
കണ്ണുനീർ വാർത്തവനെൻ കാര്യം നടത്തിത്തരും

നിൻ മനം ഇളകാതെ നിൻ മനം പതറാതെ
നിന്നോടുകൂടെയെന്നും ഞാനു ് അന്ത്യംവരെ

2 കൂരിരുൾ പാതയതോ ക്രൂരമാം ശോധനയോ
കൂടിടും നേരമതിൽ ക്രൂശിൻ നിഴൽ നിനക്കായ്-

3 തീച്ചൂള സിംഹക്കുഴി പൊട്ടക്കിണർ മരുഭൂ
ജയിലറ ഈർച്ചവാളോ മരണമോ വന്നിടട്ടെ-

4 കാലങ്ങൾ കാത്തിടണോ കാന്താ നിൻ ആഗമനം
കഷ്ടത തീർന്നിടുവാൻ കാലങ്ങൾ ഏറെയില്ല-

5 ദാഹിച്ചു വലഞ്ഞു ഞാൻ ഭാരത്താൽ വലഞ്ഞീടുമ്പോൾ
ദാഹം ശമിപ്പിച്ചവൻ ദാഹജലം തരുമേ-

6 ചെങ്കടൽ തീരമതിൽ തൻ ദാസൻ കേണതുപോൽ
ചങ്കിനു നേരെ വരും വൻഭാരം മാറിപ്പോകും-